**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1365 | | 06.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ വികലാംഗ പെൻഷൻ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.ജോയി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | വർക്കല നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ വികലാംഗ പെൻഷന് അപേക്ഷ നൽകിയിട്ടുള്ള ശ്രീ കെ. വിജയനാശാരിക്ക് (പുതുവൽ വിള വീട്, എസ്. കെ. വി. എച്ച്. എസ്-ന സമീപം, വെട്ടിയറ) പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല.<br>വികലാംഗ പെൻഷൻ ലഭിക്കുന്നതിന് വികലാംഗത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.<br>ശ്രീ.കെ.വിജയനാശാരി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| (ബി) | നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ 18.07.2016 ൽ സ്വീകരിച്ച ശ്രീ വിജയനാശാരിയുടെ അപേക്ഷയിന്മേൽ ( 5660 നമ്പർ തപാൽ) സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ 18.07.2016 ൽ 5660 നമ്പറായി ലഭിച്ച വിജയനാശാരിയുടെ അപേക്ഷ വിശദ അന്വേഷണത്തിനും പരിശോധനയ്ക്കുമായി ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറിയിരുന്നു. എന്നാൽ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല എന്ന ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് 28/01/2017-ൽ പഞ്ചായത്തിൽ നിന്നും മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ